പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5335 15.11.2019-ലെ മറുപടിക്ക്

**<u>വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | |
|---|---|
| സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഇല്ലാതാക്കുന്നതിനായി ഗതാഗതവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ മരണ കാരണമായ അപകടങ്ങളും, ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ അവ പരിഹരിക്കുന്നതിന് നടപടികൾ അതാത് റോഡ് Owning agencies സ്വീകരിച്ചുവരികയാണ്. അമിതവേഗതയും മറ്റ് ഗതാഗത നിയമ ലംഘനങ്ങളുൾപ്പടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന - പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. കൂടാതെ World Bank സഹായത്തോടെ റോഡ് സുരക്ഷാ വീഥിയുടെ മാതൃക (അടൂർ- കഴക്കൂട്ടം) നിർമ്മിച്ച് അതിൽ ആധുനികമായ റോഡ് സുരക്ഷ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ച് വരികയാണ്. ഈ പദ്ധതിയിൽ ചെയ്യുവന്ന റോഡ് സുരക്ഷ സംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും റോഡ് ഉപയോഗിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾക്കും റോഡ് സുരക്ഷാവബോധ പരിപാടികൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി ഊന്നൽ നൽകിവരുന്നു. ഭാവിയിലേയ്ക്ക് റോഡ് സുരക്ഷാവബോധമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിനായി SCERT യുമായി ചേർന്ന് "റോഡ് സുരക്ഷ " കൈപുസ്തകവും തയ്യാറാക്കി വരുന്നു. വരും കാലയളവിൽ SCERT യുടെ പാഠ്യപദ്ധതിയുടെ |

ഭാഗമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെ കുറിച്ച് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്താനുള്ള നടപടികളും എടുത്തുവരികയാണ്. കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

(1) 'സേഫ് കേരള' പദ്ധതി

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള "സേഫ് കേരള പദ്ധതി."

(2) 'ശബരിമല സേഫ് സോൺ' പദ്ധതി

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന "ശബരിമല സേഫ് സോൺ പദ്ധതി."

(3) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം എഫ്.എം റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തി വരുന്നു.

(4) റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ / പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷ ശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷം തോറും നടത്തി വരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ദ്വിതല പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന്

മുമ്പായി എല്ലാ അപേക്ഷകർക്കും ഇതു സംബന്ധിച്ച ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ, സ്കൂൾ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ സ്വകാര്യ ബസ് ഡ്രൈവർമാർ, സ്കൂൾ വാഹനങ്ങൾ, ചരക്കുവാഹനങ്ങൾ ഓടിക്കുന്നവർ എന്നിവർക്ക് സമയാസമയങ്ങളിൽ പരിശീലനം നൽകിവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Automated Test Track പത്തോളം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ PPP മോഡലിൽ സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു. പഠിതാക്കൾക്ക് പരിശീലനം നൽകുന്ന ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് വിദേശ വിദഗ്ധരെയടക്കം ഉൾപ്പെടുത്തി ഐ.ഡി.റ്റി.ആർ മുഖേന ട്രെയിനിംഗ് നടത്തിവരുന്നു.

ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, ഓവർ ലോഡ്, അമിതവേഗത, റെഡ് ലൈറ്റ് വയലേഷൻ എന്നീ കുറ്റങ്ങൾക്കെതിരെ ലൈസൻസ് റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-ൽ 14,447 ലൈസൻസും, 2018-ൽ 17,788 ലൈസൻസും, 2019 സെപ്റ്റംബർ വരെ 21,246 ലൈസൻസും റദ്ദ് ചെയ്തു.

റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച "സേഫ് കേരള" പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ റോഡുകൾ അപകടവിമുക്തമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. സേഫ് കേരള പദ്ധതിക്ക് വേണ്ടി മാത്രമായി 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും, 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഇതുവരെ വിവിധ നിയമലംഘനങ്ങൾക്ക് 2,18,536 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 25.15 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തു.

സ്കൂൾ വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ വാഹനങ്ങളിൽ സ്കൂൾ വർഷാരംഭത്തിൽ പ്രത്യേക പരിശോധനകൾ നടത്തി വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. ഈ വർഷാരംഭത്തിലുള്ള പരിശോധനകൾ

| | |
|---|---|
| | പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിശോധന പൂർത്തിയാക്കി "checked" സ്ലിപ് പതിപ്പിച്ച വാഹനങ്ങൾ മാത്രമേ സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. ഇതു കൂടാതെ സ്കൂൾ സമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.<br>ഗുഡ്സ് വാഹനങ്ങൾ, ബസുകൾ എന്നീ വാഹനങ്ങളിലും കർശന പരിശോധന നടത്തിവരുന്നു. സ്കൂൾ ബസുകൾ ഉൾപ്പെടെയുള്ള ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ ജി.പി.എസും നിർബന്ധമാണ്. വാഹനങ്ങളിൽ ജി.പി.എസ് നടപ്പിലാക്കുന്നതോടുകൂടി 24X7 വാഹനനിരീക്ഷണം സാധ്യമാകുന്നതാണ്. ആയതിന് പുറമേ അടിയന്തിര സഹായത്തിനായി പാനിക് ബട്ടൺ ഇവയിൽ നിർബന്ധമാക്കുന്നുണ്ട്.<br>ഇതു കൂടാതെ, അമിതവേഗം, സിഗ്നൽ വയലേഷൻ എന്നിവ കണ്ടെത്തുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 203 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ വാളയാർ-വടക്കാഞ്ചേരി മേഖലകളിൽ 37 ക്യാമറകളും, വളരെയധികം അപകടങ്ങൾ നടക്കാറുള്ള കവടിയാർ- വെള്ളയമ്പലം റോഡിലും ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ചതിനുശേഷം അപകടങ്ങൾ ഈ മേഖലകളിൽ താരതമ്യേന കുറവാണ്. ഇതുവഴി അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറക്കുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**